"ഭരണഭാഷ മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ മാടപള്ളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.സി.ജയചന്ദ്രന്റെ മാതാവിന്റെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പൂർവ്വകാല അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2483/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം. 04/12/2021

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 21/01/2016 ലെ ജി.ഒ(പി) നം.10/2016/H&FWD നം.ഉത്തരവ്.
3. ശ്രീ. സി.ജയചന്ദ്രന്റെ 13.03.2019-ലെ അപേക്ഷയും ബില്ലുകളും.
4. പഞ്ചായത്ത് ഡയറക്ടറുടെ 24.10.2019,01.09.2021 എന്നീ തീയതികളിലെ PAN/13014/2019- F2(DP) നമ്പർ കത്ത്.
5. മാടപള്ളി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28.03.2019ലെ 9(1)-ാം നമ്പർ തീരുമാനം.
6. ജില്ലാ മെഡിക്കൽ ഓഫീസറുടെ 21.04.2021-ലെ സി4- 6004/2021 നം.കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ മാടപള്ളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. സി.ജയചന്ദ്രന്റെ മാതാവിന്റെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തു സർക്കാരിൽ സമർപ്പിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (6) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 31,545/- രൂപയുടെ 80% തുകയായ 25,236/- (ഇരുപത്തി അയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തി ആറ് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ

റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ തുക മാടപള്ളി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ മാടപള്ളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. സി.ജയചന്ദ്രന്റെ മാതാവിന്റെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചികിൽസ നടത്തിയ നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ച് പൂർവ്വകാല അനുമതി നൽകിക്കൊണ്ടും നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരം 04.01.2019 മുതൽ 12.03.2019 വരെയുള്ള പ്രസ്തുത ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 31,545/- രൂപയുടെ 80% തുകയായ 25,236/- (ഇരുപത്തി അയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തി ആറ് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ മാടപള്ളി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി,,മാടപള്ളി ഗ്രാമപഞ്ചായത്ത്,കോട്ടയം ജില്ല.

ശ്രീ. സി.ജയചന്ദ്രൻ, ക്ലാർക്ക്, മാടപള്ളി ഗ്രാമപഞ്ചായത്ത്,കോട്ടയം ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ആരോഗ്യ വകുപ്പ്( 23.06.2020-ലെ G2/2378/2019//H&FWD നം. കുറിപ്പ് പ്രകാരം)

File No.LSGD-EPA3/206/2019-LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ. കെ. എം തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ. വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(N ).206/EPA3/2019/LSGD).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ